**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഖരമാലിന്യനിർമ്മാർജ്ജനം-ഉറവിട മാലിന്യ സംസ്കരണത്തിനുള്ള സബ്സിഡി നിരക്ക് വർദ്ധിപ്പിച്ച് നൽകൽ-പ്രവർത്തനം സുഗമമായി നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ വകുപ്പ്(ഡിസി) വകുപ്പ്**

സ.ഉ.(സാധാ)നമ്പർ 1597/2012/തസ്വഭവ. തീയതി, തിരുവനന്തപുരം 12/6/12.

================================================================

പരാമർശം: 1. സ.ഉ.(എം.എസ്)318/2011/തസ്വഭവ.തീയതി 20.12.2011.
2. സ.ഉ.(സാധാ) 561/2012/തസ്വഭവ തീയതി 24.2.2012.
3. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12/06/2012-ലെ 2404/സി1/2009/എം.എസ്. നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം ഉറവിട മാലിന്യ സംസ്കരണം നടപ്പാക്കുന്ന സ്വകാര്യ വ്യക്തികൾക്കുള്ള സബ്സിഡി നിരക്ക് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഖരമാലിന്യ സംസ്കരണം സ്വമേധയാ നടപ്പാക്കുന്ന സ്വകാര്യ വ്യക്തികൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള സബ്സിഡി വിതരണം ചെയ്യുന്നതിന് അതാത് പ്രദേശത്തെ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, നഗരസഭാ കോർപ്പറേഷനുകൾ എന്നീ സ്ഥാപനങ്ങൾക്ക് സർക്കാർ അനുവദിക്കുന്ന സബ്സിഡി തുക കണക്കിലെടുത്ത് പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്. കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് പ്രോജക്ട് കോസ്റ്റിൽ 75% തുക സർക്കാർ വിഹിതമായും 15% തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും ബാക്കി 10% തുക ഗുണഭോക്തൃ വിഹിതമായും വകയിരുത്തേണ്ടതാണ്. ബയോഗ്യാസ് പ്ലാന്റുകൾക്ക് 50% തുക സർക്കാരും 25 % തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 25% തുക ഗുണഭോക്താക്കളും വഹിക്കേണ്ടതാണ്. ഇപ്പോൾ തുടരുന്നതുപോലെ

പഞ്ചായത്ത് പ്രദേശങ്ങളിൽ കേന്ദ്രസർക്കാരിന്റെ സമ്പൂർണ്ണ ശുചിത്വ യജ്ഞഫണ്ടിൽ നിന്നുമുള്ള പദ്ധതികൾക്കും ഇത് ബാധകമായിരിക്കും.

2. ഫ്ളാറ്റുകളിൽ അംഗീകരിച്ച വിവിധ തരത്തിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ യൂണിറ്റ് നിരക്കിന്റെ 50% അഥവാ പരമാവധി ഫ്ളാറ്റ് ഒന്നിന് 500 രൂപ എന്ന നിരക്കിലും ഫ്ളാറ്റ് സമുച്ചയങ്ങൾക്ക് ഏറ്റവും കുറഞ്ഞ സബ്സിഡി 15,000 രൂപയായി നിജപ്പെടുത്തേണ്ടതാണ്.

3. റസിഡന്റ്സ് അസ്സോസിയേഷൻ, കോളനികൾ സർക്കാർ ക്വാർട്ടേഴ്സുകൾ, സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, ആശുപത്രി, ഹോസ്റ്റൽ, ഹോട്ടൽ, കല്യാണമണ്ഡപങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, ഇറച്ചിക്കടകൾ എന്നിവയിൽ ഖരമാലിന്യ സംസ്കരണസംവിധാനം ഏർപ്പെടുത്തുന്നതിന് യൂണിറ്റി നിരക്കിന്റെ 50 ശതമാനമോ പരമാവധി ഒരു ലക്ഷം രൂപയോ സബ്സിഡിയായി നൽകാവുന്നതാണ്. ഇവയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതി പ്രകാരം ശുചിത്വമിഷൻ സബ്സിഡി തുക നൽകുന്നതായിരിക്കും. യഥാക്രമം 15%, 25% തുക സന്നദ്ധ സംഘടനകളോ റസിഡൻറ്സ് അസ്സോസിയേഷനോ മറ്റിതര സ്ഥാപനങ്ങളോ ചെലവഴിക്കാൻ തയ്യാറായി മുന്നോട്ട് വന്നാൽ ഇത്തരത്തിലുള്ള പദ്ധതി ശുചിത്വ മിഷൻ വഴി സ്വന്തമായോ സേവനദാതാക്കൾ മുഖേനയോ നടപ്പിലാക്കാവുന്നതാണ്.

4. ദാരിദ്ര്യ രേഖയ്ക്ക് താഴെയും മുകളിലുമുള്ള എല്ലാ വിഭാഗം ആൾക്കാരിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനം തീരുമാനിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി വേണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്. ചെലവ് കുറഞ്ഞതും അനുയോജ്യവുമായ ഖരമാലിന്യ സംസ്കരണ സംവിധാനമാണ് പദ്ധതി പ്രകാരം സ്ഥാപിക്കേണ്ടത്. വെർമി കമ്പോസ്റ്റ്/ കമ്പോസ്റ്റ്/ബയോഗ്യാസ് പ്ലാന്റ് മുതലായവ സ്ഥാപിക്കാവുന്നതാണ്. ആയത് നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകൃത സേവനദാതാക്കൾ മുഖേനയായിരിക്കണം. ആവശ്യത്തിലധികം കപ്പാസിറ്റിയുള്ള യൂണിറ്റുകൾ നൽകുന്നില്ലെന്ന് ഉറപ്പ് വരുത്തണം. ഇപ്രകാരം സേവന ദാതാക്കളെ തെരഞ്ഞെടുക്കമ്പോൾ ഗുണഭോക്താവിന്റെ താല്പര്യം കൂടി കണക്കിലെടുക്കേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഇതിനായി പദ്ധതി തയ്യാറാക്കേണ്ടതാണ്. ശുചിത്വമിഷൻ നേരിട്ടുനടപ്പാക്കുന്ന പദ്ധതികൾക്ക് ഇവ ബാധകമല്ല.

5. വർദ്ധിപ്പിച്ച നിരക്കിലുള്ള സബ്സിഡി തുക അനുവദിക്കുന്നതിന് 1.3.2011-ൽ സ. ഉ.(കൈ) നം.73/2011/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ ടി ഉത്തരവിന്മേൽ വരുത്തുന്ന ഭേദഗതികൾക്കും വിധേയമായി വിവിധ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കായുള്ള സ്പെസിഫിക്കേഷനും മാർഗ്ഗരേഖകളും യൂണിറ്റ് കോസ്റ്റും അവലംബിക്കേണ്ടതാണ്.

6. വീടുകളിൽ സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റിന്റെ ശേഷി 1/2 ക്യൂബിക് മീറ്റർ (പ്രതിദിനം 2.5 കിലോഗ്രാം) സാധാരണഗതിയിൽ ആവശ്യമുള്ളതിനാൽ ആയതിന് പ്രാമുഖ്യം നൽകി പദ്ധതി തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.

7. പ്രതിദിനം രണ്ടര കിലോഗ്രാമിൽ കുറയാത്ത മാലിന്യങ്ങൾ സംസ്കരിക്കേണ്ട സാഹചര്യത്തിൽ താല്പര്യമുള്ളവർക്ക് മാത്രം ബയോഗ്യാസ് പ്ലാന്റുകൾ അനുവദിക്കുന്നതായിരിക്കും അഭികാമ്യം. മറ്റ് സന്ദർഭങ്ങളിൽ വിവിധതരം കമ്പോസ്റ്റ്/വെർമി കമ്പോസ്റ്റ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതായിരിക്കും ഉചിതം.

8. പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള കരാർ വയ്ക്കേണ്ടതും പേമെന്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ ശുചിത്വമിഷൻ നേരിട്ട് നടപ്പാക്കുന്ന പദ്ധതികൾക്ക് ശുചിത്വമിഷൻ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ നൽകേണ്ടതാണ്.

9. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് ഭരണ-സാങ്കേതികാനുമതികൾ വാങ്ങിയിരിക്കേണ്ടതാണ്.

10. പദ്ധതിയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾക്ക് അവർ സ്ഥാപിക്കുന്ന മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അവബോധവും 1.3.2011-ലെ സർക്കാർ ഉത്തരവനുസരിച്ചുള്ള ഗ്യാരണ്ടിയും സേവനദാതാവ് മുഖാന്തിരം നൽകിയിരിക്കേണ്ടതാണ്.

11. ഗാർഹിക തലത്തിലുള്ള കമ്പോസ്റ്ററിംഗ് രീതികൾ ഉപയോഗപ്പെടുത്തുമ്പോൾ 1.3.2011-ലെ സർക്കാർ ഉത്തരവിൽ അനുശാസിക്കുന്ന ഗാർഹിക മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് പുറമേ 9.3.2012 തീയതിയിലെ 718/2012/തസ്വഭവ നമ്പർ ഉത്തരവിൽ അനുശാസിക്കുന്ന സംവിധാനങ്ങൾ ഉറവിട മാലിന്യ സംസ്കരണത്തിന് ഉപയോഗപ്പെടുത്താവുന്നതും ആയതിന്റെ യൂണിറ്റ് കോസ്റ്റ് ടെൻഡർ/ദർഘാസ് മുഖാന്തിരമോ സർക്കാർ തീരുമാനത്തിന് വിധേയമായോ നിജപ്പെടുത്തിവേണം നടപ്പിൽ വരുത്തേണ്ടത്.

12. ഗാർഹിക മാലിന്യം ഉറവിടത്തിൽതന്നെ സംസ്കരിക്കുന്ന പ്രവർത്തനം ഫലപ്രദമായി നടപ്പാക്കുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് ജില്ലാതലത്തിൽ ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ/ഹെൽത്ത് സൂപ്പർവൈസർമാരെ ചുമതലപ്പെടുത്തുന്നു. ഇതിനുള്ള ഉത്തരവ് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ നൽകേണ്ടതാണ്.

13. ഓരോ ജില്ലിയിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകളുടെ പുരോഗതി ജില്ലാ ശുചിത്വ മിഷൻ ഓരോ മാസവും വിലയിരുത്തേണ്ടതും പുരോഗതി റിപ്പോർട്ട് ശുചിത്വ മിഷന്റെ കേന്ദ്ര ഓഫീസിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

14. പണി പൂർത്തീകരിച്ചു കഴിഞ്ഞ യൂണിറ്റുകൾക്ക് പുതുക്കിയ സബ്സിഡി നിരക്ക് ബാധകമായിരിക്കുന്നതല്ല.

ഗവർണറുടെ ഉത്തരവിൻപ്രകാരം

ജയിംസ് വർഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A&E)/(LBA&A) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (11.6.2012ലെ ഇനം നം. 1801 പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ